# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 19, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികജാതി – പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി

*211

ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങൾക്കാണ് ജനറിക് മരുന്നുകൾ നൽകുന്നത്;

(സി) ഏതെല്ലാം ആശുപത്രികളിലൂടെയാണ് ഇത്തരം മരുന്നുകൾ നൽകുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ നടപടി എടുക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ദേശീയ ഔഷധ നയം</u>

*212 ശ്രീ. എളമരം കരീം
,, ജി. സുധാകരൻ
,, വി. ശിവൻകുട്ടി
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഇക്കഴിഞ്ഞ ദിവസം അംഗീകരിച്ച ദേശീയ ഔഷധനയം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഏറ്റവും മുന്തിയ മൂന്നു ബ്രാന്റ് മരുന്നുകളുടെ ശരാശരി വില പരിധിവിലയായി എടുത്തുകൊണ്ടുള്ള കമ്പോളാധിഷ്ഠിത വിലനിർണ്ണയ രീതി നിരവധി ഇനം മരുന്നുകളുടെ വില ഗണ്യമായി വർദ്ധിപ്പിക്കുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ദേശീയ ഔഷധ വിലനയത്തിന്റെ കരടു ഘട്ടത്തിൽ സംസ്ഥാന സർക്കാർ അഭിപ്രായം അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ഡി) ഈ നയത്തോടുള്ള നിലപാട് അറിയിക്കാമോ; ഇത് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയുടെ വികസനത്തിനു വേണ്ടിയുള്ള നടപടികൾ</u>

*213 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയുടെ വളർച്ചക്കായി പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ശരണ്യ തൊഴിൽ പദ്ധതി</u>

*214

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ തൊഴിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഏത് വിഭാഗത്തിൽപ്പെടുന്നവർക്കാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം വായ്പകളും ധനസഹായങ്ങളുമാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്നത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷ

*215 ശ്രീ. രാജു എബ്രഹാം
,, എസ്. ശർമ്മ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വഴികളിലൂടെ ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് സുരക്ഷിതമായ ഇടത്താവളങ്ങൾ ഒരുക്കുന്നതിന് സർക്കാരിന് വീഴ്ചയുണ്ടായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ചു വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി സ്വമേധയാ കേസെടുക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സുരക്ഷാ സംവിധാനങ്ങളുടെ അഭാവം മൂലം ഭാരതപ്പുഴയിൽ തീർത്ഥാടകൻ മുങ്ങിമരിക്കാനിടയായതിനെ തുടർന്ന് ഇതിനകം സ്വീകരിച്ച ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാൻ കോടതി നിർദ്ദേശിച്ചിരുന്നുവോ ;

(ഡി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

## സ്റ്റാറ്റസ് അലർട്ട് സിസ്റ്റം

*216 ശ്രീ. ആർ. സെൽവരാജ്
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ''സ്റ്റാറ്റസ് അലർട്ട് സിസ്റ്റം'' ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സിസ്റ്റം വഴി ലഭിക്കുന്നത് ;

(സി) പദ്ധതികളുടെ തത്സമയ സ്ഥിതി ജനങ്ങൾക്ക് അറിയുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

<u>നഴ്സുമാർ നടത്തിവരുന്ന സമരങ്ങൾ</u>

*217 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഴ്സുമാരുടെ തൊഴിൽ സംരക്ഷണം, വേതനം തുടങ്ങിയ പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുവാൻ ഒരു കമ്മീഷനെ വയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിവിധ സ്ഥലങ്ങളിൽ നഴ്സുമാർ നടത്തിവരുന്ന സമരങ്ങൾ ഒത്തുതീർപ്പാക്കുവാൻ സർക്കാർ എന്ത് പങ്കാണ് വഹിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) നഴ്സുമാർ നടത്തിയ ഏതെല്ലാം സമരങ്ങളിലാണ് സർക്കാർ മദ്ധ്യസ്ഥശ്രമം നടത്തിയിട്ടുളളത്;

(ഡി) ഓരോ സമരവും ഒത്തുതീർപ്പാക്കിയ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

<u>പറമ്പിക്കുളം–ആളിയാർ പദ്ധതി</u>

*218 ശ്രീ. എം. ഹംസ
,, എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–ആളിയാർ പദ്ധതിയിൽ നിന്നു കരാർ പ്രകാരം ജലം ലഭിക്കാത്തതിനാൽ ചിറ്റൂർ താലൂക്കിലെ 20000 ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാർ പ്രകാരം ഒക്ടോബർ –നവംബർ മാസങ്ങളിൽ എത്ര ജലമാണ് ലഭിക്കേണ്ടിയിരുന്നത്; തമിഴ്നാട് വിട്ടുനൽകിയതെത്ര: വിശദാംശം അറിയിക്കുമോ;

(സി) കർഷകരുടെ പ്രശ്ന പരിഹാരത്തിനായി എന്ത് നടപടി സ്വീകരിച്ചു; തമിഴ്നാട് സർക്കാരുമായി പ്രശ്നം ചർച്ച ചെയ്തിട്ടുണ്ടോ; മറുപടി എന്തായിരുന്നു; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

**<u>കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്നിംഗ്</u>**

*219 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ജി. എസ്. ജയലാൽ
,, ഇ. ചന്ദ്രശേഖരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗിന്റെ ഭാഗമായി ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ പ്രോസസ് റീ എഞ്ചിനീയറിംഗ്, ഫിനാൻഷ്യൽ റീ എഞ്ചിനീയറിംഗ് സംബന്ധിച്ച് റിപ്പോർട്ട് നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

(ബി) ഇതിനകം നടപ്പാക്കിയ നടപടികൾ എന്തെല്ലാം; ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകരെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

*220 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പി.കെ. ഗുരുദാസൻ
'' എ. പ്രദീപ് കുമാർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ, സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർ ചൂഷണത്തിന് വിധേയരാകേണ്ടി വരുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ചൂഷണത്തിനെതിരെ തൊഴിൽവകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകരെ കൂടി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

<u>സീ– പ്ലെയിൻ സർവ്വീസ്</u>

*221 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീ–പ്ലെയിൻ പദ്ധതി നടപ്പിലാക്കാനുള്ള നോഡൽ ഏജൻസിയായി ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം തലത്തിലുള്ള അനുമതികൾ ഇതിന് ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ; എന്തെല്ലാം അനുമതികൾ ഇതിനകം ലഭിക്കുകയുണ്ടായി എന്ന് അറിയിക്കുമോ;

(ഡി) സർവ്വീസ് നടത്തുന്നതിനായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; അതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് സീ– പ്ലെയിൻ സർവ്വീസ് നടത്താൻ അനുമതി നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

**ജലസേചന പദ്ധതികളുടെ നവീകരണവും വിപുലീകരണവും**

*222 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ നവീകരണവും വിപുലീകരണവും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ജലസേചന പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ജനപ്രതിനിധികളെയും, കർഷകരേയും ഉൾപ്പെടുത്തി വിപുലമായ സംവിധാനം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പ് വെബ് പോർട്ടൽ</u>

*223 ശ്രീ. കെ. അച്ചുതൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് വെബ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) വെബ് പോർട്ടൽ വഴി തൊഴിൽ അന്വേഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ആരോഗ്യമേഖലയിലെ സ്വകാര്യ പങ്കാളിത്തം

*224 ശ്രീ. എ. എം. ആരിഫ്
,, കോടിയേരി ബാലകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ സ്വകാര്യപങ്കാളിത്ത പദ്ധതികൾക്ക് ലക്ഷ്യമിടുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നയം വെളിപ്പെടുത്താമോ ;

(ബി) ഈ രംഗത്തെ എന്തെല്ലാം നിർദ്ദേശങ്ങളാണിപ്പോൾ പരിഗണനയിലിരിക്കുന്നത് ;

(സി) സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് ഫീസ് ഏർപ്പെടുത്താനുള്ള നിർദ്ദേശത്തിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് ആയത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഫീസ് ഈടാക്കിക്കൊണ്ട് ക്ലിനിക് ആരംഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം

*225 ശ്രീ. എം. എ. ബേബി
,, ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷന്‍
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് മുന്‍ സര്‍ക്കാര്‍ സ്വീകരിച്ച നടപടികളുടെ തുടര്‍ച്ചയായി ഈ സര്‍ക്കാര്‍ എന്തെങ്കിലും നടപടികള്‍ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ;

(ബി) പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടര്‍മാരുടെയും പാരാമെഡിക്കല്‍ സ്റ്റാഫിന്റെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇത് നികത്തുന്നതിനും പുതിയ ഒഴിവുകള്‍ റിപ്പോര്‍ട്ടു ചെയ്യുന്നതിനും നിര്‍ദ്ദേശം നല്‍കുമോ;

(സി) ജീവന്‍ രക്ഷാ മരുന്നുകള്‍ ഉള്‍പ്പെടെയുള്ള അവശ്യമരുന്നുകള്‍ക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തില്‍ ക്ഷാമം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര പി.എച്ച്.സി.കളെ സി.എച്ച്.സി.കളാക്കാന്‍ കഴിഞ്ഞിട്ടുണ്ട്; എങ്കില്‍ ഏതെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

## നിർബന്ധിത ഗ്രാമീണ സേവനം

*226 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണസേവനം നിർത്തലാക്കുവാനുണ്ടായ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ നയം</u>

*227 ശ്രീ. സി. പി മുഹമ്മദ്
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സമഗ്ര ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നയത്തിൽ ഉൾപ്പെടുത്തുമോ;

(സി) നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആദിവാസികള്‍ക്ക് ഭൂമി നല്‍കാന്‍ പദ്ധതി</u>

*228 ശ്രീ. ജെയിംസ് മാത്യു
,, കെ. രാധാകൃഷ്ണന്‍
,, എസ്. രാജേന്ദ്രന്‍
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിതരും നാമമാത്ര ഭൂമി ഉള്ളവരുമായ എല്ലാ ആദിവാസികള്‍ക്കും നിയമാനുസൃതം അര്‍ഹതപ്പെട്ട ഭൂമി നല്‍കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്ന് അറിയിക്കുമോ; ഇതിനായി കണ്ടെത്തിയ ഭൂമി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) ഇതിനകം എത്രപേര്‍ക്ക് പ്രസ്തുത പദ്ധതിപ്രകാരം ഭൂമി നല്‍കിയെന്നും ഇനി എത്രപേര്‍ക്ക് കൂടി ഭൂമി നല്‍കാന്‍ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ സർക്കാർ- സ്വകാര്യ മേഖലയിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

*229 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. പ്രദീപ്കുമാർ
,, കെ. കെ. നാരായണൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ - സ്വകാര്യ മേഖലയിലെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മർദ്ദനമേറ്റ് ബീഹാർ സ്വദേശി മരിക്കാനിടയായ സംഭവത്തിൽ മറ്റന്തേവാസികളുടേയും ആശുപത്രി ജീവനക്കാരുടേയും പങ്ക് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ പശ്ചാത്തലത്തിൽ എന്തെങ്കിലും തിരുത്തൽ നടപടി എടുത്തിട്ടുണ്ടോ;

(സി) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തൊക്കെ നിയമങ്ങളാണുള്ളതെന്നും അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നും വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് മാനസിക രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതും അതിനിടയാക്കുന്ന കാരണങ്ങൾ സംബന്ധിച്ചും ഇതിനകം ശേഖരിക്കപ്പെട്ട വിശദാംശങ്ങളോട് കൂടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

**ക്ഷേമ പെൻഷനുകളും ആനുകൂല്യങ്ങളും ബാങ്കുകൾ വഴി നൽകുന്നതിന് നടപടി**

*230 ശ്രീ. എം. എ. വാഹീദ്
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കുള്ള എല്ലാ ക്ഷേമ പെൻഷനുകളും ആനുകൂല്യങ്ങളും ബാങ്കുകൾ വഴി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്നു മുതലാണ് ഇപ്രകാരം നൽകുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ബാങ്കുകളുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പോസ്റ്റാഫീസുകൾ വഴി ഇവ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ന്യായ വിലയ്ക്ക് മരുന്നുകൾ</u>

*231 ശ്രീ. ചിറ്റയം ഗോപകുമാർ
,, സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(ബി) കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിച്ചതെന്നാണ്; ഈ ഫാർമസിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മരുന്ന് സംഭരിക്കാനുള്ള സൗകര്യവും മറ്റും നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; ഇത് പദ്ധതിയെ തകിടം മറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുമോ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

<u>പിന്നോക്കവിഭാഗ ക്ഷേമ കോര്‍പ്പറേഷന്‍ നടപ്പിലാക്കുന്ന പദ്ധതികള്‍</u>

*232 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, സി. മമ്മൂട്ടി
,, എന്‍.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന പിന്നോക്ക വിഭാഗക്ഷേമ കോര്‍പ്പറേഷന്‍ പുതിയ പദ്ധതികള്‍ ആവിഷ്ക്കരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) കോര്‍പ്പറേഷന്റെ ആഭിമുഖ്യത്തില്‍ ഇപ്പോള്‍ നടപ്പാക്കി വരുന്ന പദ്ധതികള്‍ സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(സി) പിന്നോക്ക വിഭാഗക്കാരുടെ ഉന്നമനത്തിന് നടപ്പാക്കുന്ന പദ്ധതികളെയും, നല്‍കുന്ന ആനുകൂല്യങ്ങളെയും അവസരങ്ങളെയും കുറിച്ച് അവരെ ബോധവാന്മാരാക്കുവാന്‍ കോര്‍പ്പറേഷന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; അതിനായി കോ-ഓര്‍ഡിനേറ്റര്‍മാരെ നിയോഗിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

<u>കൺവെൻഷൻ ടൂറിസം</u>

*233 ശ്രീ. വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺവെൻഷൻ ടൂറിസം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനരീതിയും ഇത് നടത്തുന്നതിനുളള ഗ്രൂപ്പുകളെ എപ്രകാരമാണ് തിരഞ്ഞെടുക്കുന്നതെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

<u>നീരുറവകൾ അപ്രത്യക്ഷമാകുന്ന സ്ഥിതിവിശേഷം</u>

*234 ശ്രീ. സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ
,, എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾക്ക്ജലം നൽകുന്ന പശ്ചിമഘട്ട മലനിരകളിലെ ചെറുതും വലുതുമായി നിലനിന്നിരുന്ന നീരുറവകൾ ഓരോന്നായി അപ്രത്യക്ഷമാകുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊടുംവേനലിൽ പോലും ജലസമ്പുഷ്ടമായിരുന്ന ഉറവകൾ അപ്രത്യക്ഷമാകുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉറവകളെ പുനരുജ്ജീവിപ്പിക്കുന്നതുൾപ്പെടെയുള്ള പരിഹാര നടപടികൾക്ക് തുടക്കം കുറിക്കുമോ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

ആയുർവേദ ചികിത്സാ തട്ടകം

*235 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ചികിത്സാ കേന്ദ്രമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് വിനോദസഞ്ചാരവകുപ്പ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ലോകപൈതൃക കേന്ദ്രമാക്കി യുനെസ്കോ അംഗീകരിച്ച പശ്ചിമഘട്ടത്തെ മുൻനിർത്തി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആയുർവേദ രംഗത്തെ തൊഴിലാളികളെ പ്രചരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ</u>

T*236 ശ്രീ. കെ. എം. ഷാജി
,, പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വിതരണ ശൃംഖലകളിലൂടെ പായ്ക്ക് ചെയ്ത് വിതരണം ചെയ്യുന്ന, ആരോഗ്യവർദ്ധക വസ്തുക്കൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ശുചിത്വവും, ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും, മുൻകരുതലുകളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിതരണ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പായ്ക്കറ്റുകളിൽ ഈ നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഉള്ളടക്കത്തിൽ ഉപയോഗിച്ചിട്ടുള്ള ചേരുവകളുടെ വിശദവിവരം പായ്ക്കറ്റിന്റെ പുറത്ത് രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിർമ്മാതാക്കളുടെ മേൽവിലാസവും മറ്റ് വിവരങ്ങളും രേഖപ്പെടുത്താത്ത സംഭവങ്ങളിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

<u>മാതൃകാപട്ടികവർഗ്ഗ കോളനികൾ</u>

*237 ശ്രീ. കെ. വി. വിജയദാസ്
,, എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ(ഉദുമ)
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാതൃകാ പട്ടികവർഗ്ഗ കോളനികൾ സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര കോളനികളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുളളത്; കോളനികൾ തെരഞ്ഞെടുക്കുന്നതിനുളള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; തെരഞ്ഞെടുത്ത കോളനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കോളനികളിൽ നടപ്പാക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ വിശദമാക്കുമോ; എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് ആശുപത്രികളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള പദ്ധതി</u>

*238 ശ്രീ. പി.റ്റി.എ. റഹീം
,, പി. ശ്രീരാമകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിൽ നിന്നും എത്ര തുക ഗ്രാന്റായി ലഭിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012–ലെ മറുപടിക്ക്

108 ആംബുലൻസ് സർവ്വീസ്

*239 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സർവ്വീസ് അട്ടിമറിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 108 ആംബുലൻസ് സർവ്വീസ് എന്നുമുതലാണ് ആരംഭിച്ചത്;

(സി) സംസ്ഥാനത്ത് എത്ര 108 ആംബുലൻസ് സർവ്വീസ് നടത്തുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇതിനാവശ്യമായ ഫണ്ട് എവിടെ നിന്നാണ് ലഭിക്കുന്നത്;

(ഇ) 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്തെ എല്ലാ മേഖലയിലും ലഭ്യമാകുന്ന തരത്തിൽ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012–ലെ മറുപടിക്ക്

<u>പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ</u>

*240 ശ്രീ. സി. കെ. സദാശിവൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന വീടുകൾ കാലപ്പഴക്കംമൂലം താമസയോഗ്യമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒറ്റമുറി അടുക്കള വീടിന് വൈദ്യുതീകരണം, കുടിവെള്ളം, സാനിട്ടേഷൻ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിൽ ഉടമകളും ഉദ്യോഗസ്ഥന്മാരും വേണ്ടത്ര ശ്രദ്ധിക്കാത്തതുമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) തോട്ടം തൊഴിലാളികളുടെ താമസസൗകര്യങ്ങൾ ഒരുക്കുന്നതിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 10.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കേരള നിയമസഭ

19.12.2012–ലെ മറുപടിക്ക്